LIBRARY ARCHIVES Kerala Legislative Assembly

ആദർശ് ഗ്രാമം പദ്ധതി

45 (1478) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പാർലമെന്റ് അംഗം മൂന്ന് ഗ്രാമങ്ങൾ ഏറ്റെടുത്ത് ആദർശ് ഗ്രാമമായി വികസിപ്പിക്കുന്നതിനുള്ള കേന്ദ്ര പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമാന പദ്ധതി നിയമസഭാംഗങ്ങൾക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഒരു പാർലമെന്റ് അംഗം, ആദ്യഘട്ടമെന്ന നിലയിൽ ഒരു ഗ്രാമം ഏറ്റെടുത്ത് ആദർശ് ഗ്രാമമായി വികസിപ്പിക്കാനുള്ള കേന്ദ്ര പദ്ധതി "സൻസദ് ആദർശ് ഗ്രാമയോജന" സംസ്ഥാനങ്ങളിൽ നടപ്പിലാക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നടപടികൾ നടന്നുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു നടപടി

46 (1479) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ക്ഷീര കർഷകരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുസംബന്ധിച്ച ശുപാർശ കേന്ദ്രസർക്കാരിന് നേരത്തെ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകരിച്ചിരുന്നില്ല. ഈ ആവശ്യം പരിഗണിക്കുന്നതിന് വീണ്ടും കേന്ദ്രസർക്കാരിൽ സംസ്ഥാനം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാർ നാളിതുവരെ അനുമതി നൽകിയിട്ടില്ല.